"ഭരണഭാഷ-മാതൃഭാഷ-"

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം: ശ്രീ.വി.എൻ.ജിതേന്ദ്രൻ, I.A.S)

തിരുവനന്തപുരം

ഉത്തരവ് നം.: E11-42423/13. തീയതി: 13.02.2014

വിഷയം: സാ.നീതി വകുപ്പ്- ജീവനക്കാര്യം - ഗ്രേഡ്-I ക്ഷേമസ്ഥാപനങ്ങൾ / ഗ്രേഡ് II ക്ഷേമസ്ഥാപനങ്ങൾ / ഗ്രേഡ് III ക്ഷേമസ്ഥാപനങ്ങൾ - തരംതിരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:
1. G.O(MS)39/95/SWD തീയതി: 29.9.1995
2. G.O(MS)60/2008/SWD തീയതി: 30.10.08.
3. സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച 5.11.2008ലെ E1/38110/2007(1) നം. നടപടിക്രമം.
4. സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച 13.11.2008-ലെ ഇ1-38100/07 നം. നടപടിക്രമം.
5. G.O(P)നം.23/2010/SWD തീയതി 30.3.10.
6. G.O(P)നം.54/2010/SWD തീയതി 10.8.10.

സാമൂഹ്യനീതി വകുപ്പിൽ വിവിധ കാലഘട്ടങ്ങളിലായി അനുവദിക്കപ്പെട്ട് പ്രവർത്തിച്ചുവരുന്ന ക്ഷേമസ്ഥാപനങ്ങൾ ഗ്രേഡ് -I, ഗ്രേഡ് -II, ഗ്രേഡ് -III എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്. ഗ്രേഡ് I ക്ഷേമ സ്ഥാപനങ്ങളിൽ 18740-33680 രൂപ ശമ്പള സ്കെയിലിലുള്ള ഗസറ്റഡ് തസ്തികയിലും ഗ്രേഡ് II ക്ഷേമ സ്ഥാപനങ്ങളിൽ 15380 - 25900 രൂപ സ്കെയിലിലുള്ള നോൺ ഗസറ്റഡ് തസ്തികയിലും, ഗ്രേഡ് III ക്ഷേമ സ്ഥാപനങ്ങളിൽ 14620 - 25280 രൂപ ശമ്പള സ്കെയിലിലുള്ള നോൺ ഗസറ്റഡ് തസ്തികയിലും യഥാക്രമം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III എന്നിങ്ങനെ വിശേഷാൽ ചട്ടാനുസരണം ജീവനക്കാരെ നിയമിച്ചുവരുന്നത്.

2. പരാമർശം (5) പ്രകാരം നിലവിൽ വന്ന കേരള സോഷ്യൽവെൽഫെയർ സർവ്വീസ് ചട്ടത്തിൽ കാറ്റഗറി 8- ാമതായുള്ള സൂപ്രണ്ട് ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് I / ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് I / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I / റീജിയണൽ ഡൗറി പ്രൊഹിബിഷൻ ഓഫീസർ എന്നീ കേഡറുകളിലായി 37 തസ്തികകളും, പരാമർശം (6) പ്രകാരം നിലവിൽ വന്ന കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് ചട്ടത്തിൽ കാറ്റഗറി 5- ാമതായുള്ള സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് II വിഭാഗത്തിൽ 17 തസ്തികകളും അതേ ചട്ടത്തിൽ കാറ്റഗറി 12- ാമതായുള്ള സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് III വിഭാഗത്തിൽ 17 തസ്തികകളുമാണ് വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ളത്.

3. ഇപ്രകാരം ക്ഷേമസ്ഥാപനങ്ങളെ മൂന്ന് വ്യത്യസ്ത വിഭാഗങ്ങളിലായിട്ടാണ് സർക്കാർ നിശ്ചയിച്ച് അനുവദിച്ചിട്ടുള്ളതെങ്കിലും ഉദ്യോഗക്കയറ്റം / സ്ഥലംമാറ്റം നൽകി ജീവനക്കാരെ നിയമിക്കുന്ന അവസരങ്ങളിൽ ക്ഷേമസ്ഥാപനങ്ങൾ തമ്മിൽ പരസ്പരം മാറിപ്പോയിട്ടുള്ള ചില സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള അപാകതകൾ വ്യത്യസ്ഥവിഭാഗം ഫീഡർ കാറ്റഗറികളിൽപ്പെട്ട ജീവനക്കാർ തമ്മിൽ തർക്കങ്ങൾക്ക് കാരണമായിട്ടുണ്ട്. വിശേഷാൽ ചട്ടപ്രകാരം വ്യത്യസ്ഥ ഗ്രേഡുകളിൽപ്പെട്ട സൂപ്രണ്ട് തസ്തികയിലുള്ള ജീവനക്കാരെ പരസ്പരം മാറ്റി

നിയമിക്കുന്നത് ചട്ടവിരുദ്ധവും സ്ഥാപനങ്ങളുടെ നടത്തിപ്പിനും പൊതുതാൽപ്പര്യത്തിനും ഹാനികരവുമാണ്.

4. മേൽ സാഹചര്യങ്ങൾ കണക്കിലെടുത്ത് വകുപ്പിൽ പ്രവർത്തിച്ചുവരുന്ന വ്യത്യസ്ഥ ഗ്രേഡുകളിൽപ്പെട്ട ക്ഷേമസ്ഥാപനങ്ങളും / ഓഫീസുകളും ഏതൊക്കെയാണെന്ന് വ്യക്തമാക്കി ഒരു പൊതു ഉത്തരവ് പുറപ്പെടുവിക്കുന്നത് വിശേഷാൽ ചട്ടപ്രകാരമുള്ള നിയമനങ്ങൾ / സ്ഥലംമാറ്റങ്ങൾ എന്നിവയ്ക്ക് സഹായകരമാകും എന്നതിനാലും ഗ്രേഡ് തിരിച്ചുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് ജീവനക്കാർക്ക് ഒരു പൊതു അറിവ് നൽകുന്നതിലേയ്ക്കും, വ്യത്യസ്ഥ ഗ്രേഡുകളിൽപ്പെട്ട ജീവനക്കാരെ പരസ്പരം മാറ്റിനിയമിക്കുന്ന സാഹചര്യം ഭാവിയിൽ ഉണ്ടാകാതിരിക്കുന്നതിനും ഉദ്ദേശിച്ച് വിവിധ കാലഘട്ടങ്ങളിലൂടെ വകുപ്പിൽ അനുവദിക്കപ്പെട്ട് പ്രവർത്തിച്ചുവരുന്ന ക്ഷേമസ്ഥാപനങ്ങളെ ചുവടെ ചേർക്കും പ്രകാരം ഗ്രേഡുകളുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(i) ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I തസ്തിക അനുവദിക്കപ്പെട്ടിട്ടുള്ള ഗ്രേഡ് I ക്ഷേമസ്ഥാപനങ്ങൾ / ഓഫീസുകൾ**
**(പരാമർശം 5-ലെ വിശേഷാൽ ചട്ടം കാറ്റഗറി നം. 8 കാണുക)**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1. | കെയർ ഹോം, പുലയനാർകോട്ട തിരുവനന്തപുരം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 2. | ആശാഭവൻ, (വിമൺ) തിരുവനന്തപുരം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 3. | സ്പെഷ്യൽ ഹോം & ചിൽഡ്രൻസ് ഹോം(ബോയ്സ്) തിരുവനന്തപുരം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 4. | ആഫ്റ്റർ കെയർ ഹോം, കൊല്ലം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 5. | ചിൽഡ്രൻസ് ഹോം(ബോയ്സ്) കൊല്ലം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 6. | വൃദ്ധമന്ദിരം, കൊല്ലം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 7. | വൃദ്ധമന്ദിരം, പത്തനംതിട്ട | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 8. | വൃദ്ധമന്ദിരം, കോട്ടയം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 9. | ചിൽഡ്രൻസ് ഹോം (ബോയ്സ്) കോട്ടയം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 10. | ഹോം ഫോർ ഫിസിക്കലി ഹാന്റീക്യാപ്ഡ്, ഇടുക്കി | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 11. | വൃദ്ധമന്ദിരം, എറണാകുളം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 12. | ചിൽഡ്രൻസ് ഹോം (ഗേൾസ്), എറണാകുളം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |

| | | | |
|---|---|---|---|
| 13. | ആശാഭവൻ (മെൻ), എറണാകുളം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 14. | ഹോം ഫോർ ഫിസിക്കലി ഹാന്റിക്യാപ്ഡ് (വനിതകൾ), എറണാകുളം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 15. | ചിൽഡ്രൻസ് ഹോം (ബോയ്സ്) തൃശൂർ | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 16. | വൃദ്ധമന്ദിരം, തൃശൂർ | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 17. | ആശാഭവൻ (വിമൺ), തൃശൂർ | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 18. | ഹോം ഫോർ ഫിസിക്കലി ഹാന്റിക്യാപ്ഡ് (പ്രായമായവർ), വയനാട് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 19. | വൃദ്ധമന്ദിരം, കോഴിക്കോട് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 20. | ചിൽഡ്രൻസ് ഹോം (ബോയ്സ്) കോഴിക്കോട് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 21. | ചിൽഡ്രൻസ് ഹോം (ഗേൾസ്), കോഴിക്കോട് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 22. | ആഫ്റ്റർകെയർ ഹോം (വനിതകൾ) കോഴിക്കോട് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 23. | ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ, കോഴിക്കോട് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 24. | ആശാഭവൻ (വനിതകൾ), കോഴിക്കോട് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 25. | ഹോം ഫോർ ഫിസിക്കലി ഹാന്റിക്യാപ്ഡ്, കോഴിക്കോട് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 26. | റെസ്ക്യൂ ഹോം, മലപ്പുറം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 27. | വൃദ്ധമന്ദിരം, മലപ്പുറം. | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 28. | പ്രതീക്ഷാഭവൻ, മലപ്പുറം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 29. | വൃദ്ധമന്ദിരം, കണ്ണൂർ | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 30. | ആഫ്റ്റർകെയർ ഹോം, കണ്ണൂർ | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 31. | വൃദ്ധമന്ദിരം, കാസർഗോഡ് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 32. | മേഖല സ്ത്രീധന നിരോധന ഓഫീസർ, തിരുവനന്തപുരം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 33. | മേഖല സ്ത്രീധന നിരോധന ഓഫീസർ, എറണാകുളം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |

| | | | |
|---|---|---|---|
| 34. | മേഖല സ്ത്രീധന നിരോധന ഓഫീസർ, കോഴിക്കോട് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 1 |
| 35. | ചിൽഡ്രൻസ് ഹോം (ബോയ്സ്), തിരുവനന്തപുരം. | ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I | 1 |
| 36. | ചിൽഡ്രൻസ് ഹോം (ബോയ്സ്), കോഴിക്കോട്. | ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I | 1 |
| 37. | ചിൽഡ്രൻസ് ഹോം (ഗേൾസ്) കോഴിക്കോട്. | ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I | 1 |

**(ii) ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തിക അനുവദിക്കപ്പെട്ടിട്ടുള്ള ഗ്രേഡ് II ക്ഷേമസ്ഥാപനങ്ങൾ**

**(പരാമർശം 6-ലെ വിശേഷാൽ ചട്ടം കാറ്റഗറി നം. 5 കാണുക)**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1. | ഗവ. ഒബ്സർവേഷൻ ഹോം തിരുവനന്തപുരം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II | 1 |
| 2. | ആശാഭവൻ (പുരുഷൻമാർ) തിരുവനന്തപുരം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II | 1 |
| 3. | ഒബ്സർവേഷൻ ഹോം ആലപ്പുഴ | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II | 1 |
| 4. | ചിൽഡ്രൻസ് ഹോം നൂറനാട് ആലപ്പുഴ | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II | 1 |
| 5. | ഹോം ഫോർ ഫിസിക്കലി ഹാന്റിക്യാപ്ഡ്, ആലപ്പുഴ | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II | 1 |
| 6. | ഒബ്സർവേഷൻ ഹോം പത്തനംതിട്ട | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II | 1 |
| 7. | ഒബ്സർവേഷൻ ഹോം എറണാകുളം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II | 1 |
| 8. | ഒബ്സർവേഷൻ ഹോം പാലക്കാട് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II | 1 |
| 9. | ഹോം ഫോർ ഫിസിക്കലി ഹാന്റിക്യാപ്ഡ് പാലക്കാട് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II | 1 |
| 10. | ആശാഭവൻ പുരുഷൻമാർ കോഴിക്കോട് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II | 1 |
| 11. | കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ, ആലപ്പുഴ | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II | 1 |
| 12. | ഒബ്സർവേഷൻ ഹോം കോഴിക്കോട്. | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II | 1 |
| 13. | ഒബ്സർവേഷൻ ഹോം മലപ്പുറം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II | 1 |

| | | | |
|---|---|---|---|
| 14. | ഒബ്സർവേഷൻ ഹോം വയനാട് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II | 1 |
| 15. | ഒബ്സർവേഷൻ ഹോം കണ്ണൂർ | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II | 1 |
| 16. | കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ, തലശ്ശേരി, കണ്ണൂർ | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II | 1 |
| 17. | ഒബ്സർവേഷൻ ഹോം കാസർഗോഡ് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II | 1 |

**(iii) ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തിക അനുവദിക്കപ്പെട്ടിട്ടുള്ള ഗ്രേഡ് III ക്ഷേമസ്ഥാപനങ്ങൾ**

**(പരാമർശം 6-ലെ വിശേഷാൽ ചട്ടം കാറ്റഗറി നം. 12 കാണുക)**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1. | ഗവ. മഹിളാമന്ദിരം, തിരുവനന്തപുരം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 1 |
| 2. | ഗവ. മഹിളാമന്ദിരം, കൊല്ലം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 1 |
| 3. | ഗവ. മഹിളാമന്ദിരം, പത്തനംതിട്ട | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 1 |
| 4. | ഗവ. മഹിളാമന്ദിരം, ആലപ്പുഴ | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 1 |
| 5. | ഗവ. മഹിളാമന്ദിരം, കോട്ടയം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 1 |
| 6. | ഗവ. മഹിളാമന്ദിരം, എറണാകുളം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 1 |
| 7. | ഗവ. മഹിളാമന്ദിരം, തൃശൂർ | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 1 |
| 8. | ഗവ. മഹിളാമന്ദിരം, പാലക്കാട് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 1 |
| 9. | ഗവ. മഹിളാമന്ദിരം, മലപ്പുറം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 1 |
| 10. | ഗവ. മഹിളാമന്ദിരം, കോഴിക്കോട് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 1 |
| 11. | ഗവ. മഹിളാമന്ദിരം, കണ്ണൂർ | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 1 |
| 12. | ഗവ. മഹിളാമന്ദിരം, കാസർഗോഡ് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 1 |
| 13. | ഷോർട്ട് സ്റ്റേ ഹോം, കോഴിക്കോട് | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 1 |
| 14. | ഹോം ഫോർ ഫിസിക്കലി ഹാൻഡിക്യാപ്ഡ്, തിരുവനന്തപുരം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 1 |

| | | | |
|---|---|---|---|
| 15. | ഡേ കെയർ സെന്റർ ആന്റ് ഓൾഡ് ഏജ് ഹോം (സ്ത്രീകൾ), തിരുവനന്തപുരം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 1 |
| 16. | ചിൽഡ്രൻസ് ഹോം (ബാലസദനം), ആലപ്പുഴ | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 1 |
| 17. | പ്രത്യാശാഭവൻ, തൃശൂർ | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 1 |

5. ഉദ്യോഗക്കയറ്റം / സ്ഥലംമാറ്റം അനുവദിക്കുന്ന ഉത്തരവുകളിൽ വ്യത്യസ്ഥ ഗ്രേഡുകളിൽപ്പെട്ട സൂപ്രണ്ട് തസ്തികകളിലുള്ള ജീവനക്കാരെ പരസ്പരം മാറ്റി നിയമിക്കുവാൻ പാടുള്ളതല്ല. ഏതെങ്കിലും കാരണവശാൽ ഭരണപരമായ സൗകര്യാർത്ഥം ഒരു മാറ്റം ആവശ്യമാകുന്ന പക്ഷം അത് സർക്കാർ അനുമതി ലഭ്യമാക്കിയതിന് ശേഷം മാത്രമേ ഉത്തരവ് പുറപ്പെടുവിക്കാവൂ എന്ന് നിഷ്കർഷിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

പകർപ്പ്:-

1. എല്ലാ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
3. ബന്ധപ്പെട്ട എല്ലാ ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്കും.
4. എ.ഒ, എഫ്.ഒ എന്നിവരുടെ മേശപ്പുറത്ത്.
5. സാമൂഹ്യനീതി ഡയറക്ടറുടെ സി.എ
6. ഇ1 മുതൽ ഇ13 സീറ്റ് വരെ
7. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

DB/2014